കാലിക്കറ്റ് സർവകലാശാല
(ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്)

240178/DOA-ASST-8/2026/Admn 23.11.2026

പത്രക്കുറിപ്പ്

എഫ് വൈ യു ജി പി നാലാം സെമസ്റ്റർ കോളേജ് ട്രാൻസ്ഫർ

2026-27 അധ്യയന വർഷത്തെ കോളേജ് ട്രാൻസ്ഫറിനായി നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ നാലാം സെമസ്റ്ററിൽ പഠിക്കുന്ന വിദ്യാർഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചിരിക്കുന്നു. നാലാം സെമസ്റ്റർ വിദ്യാർത്ഥികൾക്ക് മേജർ നിലനിർത്തികൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ മാത്രമാണ് അനുവദനീയമായിട്ടുള്ളത്.

കോളേജ് ട്രാൻസ്ഫർ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫീസ് ₹.55/-. ഓട്ടോണമസ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉൾപ്പടെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഒരു വിദ്യാർത്ഥിക്ക് പരമാവധി പത്ത് കോളേജ് - മേജർ ഓപ് ഷനുകൾ തെരഞ്ഞെടുക്കാവുന്നതാണ്.

23.11.2026 മുതൽ 30.11.2026 4.00 P.M വരെ, അഡ്മിഷൻ വിഭാഗത്തിന്റെ പോർട്ടലിൽ (https://admission.uoc.ac.in/) ലഭ്യമായ FYUGP COLLEGE / UNIVERSITY TRANSFER എന്ന ലിങ്ക് ക്ലിക്ക് ചെയ്ത്, അവരവരുടെ ക്യാപ്പ് ഐഡി, സെക്യൂരിറ്റി കീ എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം വിദ്യാർത്ഥികൾക്ക് അപേക്ഷ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. CUFYUGP റെഗുലേഷന്റെ പരിധിയിൽ വരാത്ത പ്രോഗ്രാമുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

വിശദവിവരങ്ങൾക്കായി വെബ്സൈറ്റ് (www.admission.uoc.ac.in) സന്ദർശിക്കുക

Ashokkumar K. P.
Deputy Registrar